പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2958 29-10-2026-ൽ മറുപടിയ്ക്ക്

ചങ്ങനാശ്ശേരി മണ്ഡലത്തിലെ ന്യൂനപക്ഷക്ഷേമ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. വിനു ജോബ് കുഴിമണ്ണിൽ	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നൽകിവരുന്ന സ്കോളർഷിപ്പുകൾക്ക് കഴിഞ്ഞ അധ്യയന വർഷത്തിൽ എത്ര അപേക്ഷകർ അർഹരായിട്ടുണ്ടെന്നും പ്രസ്തുത തുക പൂർണ്ണമായും വിതരണം ചെയ്യു കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

മറുപടി: നിലവിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ പതിനഞ്ചോളം സ്കോളർഷിപ്പുകൾ/പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തൊട്ടാകെയുള്ള ന്യൂനപക്ഷവിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായിട്ടാണ് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നത്. മണ്ഡലാടിസ്ഥാനത്തിൽ സ്കോളർഷിപ്പുകൾ ഒന്നും വിതരണം ചെയ്യുന്നില്ല.

(ബി) ചങ്ങനാശ്ശേരിയിൽ വകുപ്പിനു കീഴിൽ പുതുതായി പ്രവർത്തനം ആരംഭിച്ച പി.എസ്.സി. കോച്ചിംഗ് സെന്ററിൽ നിലവിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്നും ഈ സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനും അടിസ്ഥാന സൗകര്യങ്ങൾ (ലൈബ്രറി, ഡിജിറ്റൽ സംവിധാനങ്ങൾ മുതലായവ) ഒരുക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

മറുപടി: ചങ്ങനാശ്ശേരിയിൽ പുതുതായി പരിശീലന കേന്ദ്രം ആരംഭിക്കുന്നത് സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി അവയുടെ ഉദ്ഘാടനം സമയബന്ധിതമായി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട് പ്രസ്തുത കേന്ദ്രം പൂർണ്ണ നിലയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ന്യൂനപക്ഷ വികസന കോർപ്പറേഷൻ വഴി ചങ്ങനാശ്ശേരി മണ്ഡലത്തിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്കും യുവാക്കൾക്കും സ്വയംതൊഴിൽ കണ്ടെത്താനും സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ നൽകിയിട്ടുള്ള കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകളുടെയും ധനസഹായങ്ങളുടെയും വിവരം ലഭ്യമാക്കാമോ;

മറുപടി: കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ വായ്പാ പദ്ധതികൾ സംസ്ഥാനതലത്തിൽ നടപ്പിലാക്കുന്നവയാണ്.ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ അർഹരായ ന്യൂനപക്ഷ വനിതകൾക്കും യുവാക്കൾക്കും ഇവ ലഭ്യമാണ്. ധനസഹായം/ഗ്രാന്റ് നൽകുന്ന പദ്ധതികൾ

കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നില്ല സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ചുവടെച്ചേർക്കുന്ന വായ്പാ പദ്ധതികൾ കോർപ്പറേഷൻ മുഖേന നൽകി വരുന്നു.

- സ്വയംതൊഴിൽ വായ്പ
- ബിസിനസ് വിപുലീകരണ വായ്പ
- വിധവ/വിവാഹ മോചിതർക്കുള്ള സ്വയംതൊഴിൽ വായ്പ
- മൈക്രോ ഫിനാൻസ് പദ്ധതി (CDS/NGO മുഖേന; 4% പലിശ നിരക്ക്)

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ, ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ NMDFC സ്വയംതൊഴിൽ വായ്പാ പദ്ധതി പ്രകാരം ഒരു വനിതാ ഗുണഭോക്താവിന് പലചരക്ക് കട ആരംഭിക്കുന്നതിനായി 2,00,000/- രൂപയുടെ ഒരു സ്വയംതൊഴിൽ വായ്പ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വായ്പയുടെ പലിശ നിരക്ക് പ്രതിവർഷം 6% ആണ്; തിരിച്ചടവ് കാലാവധി 60 മാസം (5 വർഷം) ആണ്.

(ഡി) മണ്ഡലത്തിലെ മദ്രസകൾ ഉൾപ്പെടെയുള്ള മറ്റ് ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി വകുപ്പിൽ നിന്ന് ഗ്രാന്റുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> മദ്രസകൾ ഉൾപ്പെടെയുള്ള മറ്റ് ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി ഗ്രാന്റുകൾ നൽകുന്ന പദ്ധതികൾ ന്യൂനപക്ഷക്ഷേമ വകുപ്പിലില്ല. എന്നാൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള മദ്രസ്സാധ്യാപക ക്ഷേമ നിധി ബോർഡ് മുഖേന കേരളത്തിൽ മദ്രസ്സാധ്യാപകരായി സേവനം അനുഷ്ഠിക്കുന്നവർക്ക് ചുവടെച്ചേർക്കുന്ന ക്ഷേമപദ്ധതികൾ നടപ്പാക്കുന്നുണ്ട്.

1.ചികിത്സാ ധനസഹായം

2.മരണാനന്തര ധനസഹായം

3.വിവാഹ ധനസഹായം

4.പെൻഷൻ

5.അവശതാ പെൻഷൻ

6.വിദ്യാഭ്യാസ ധനസഹായം

7.പ്രസവാനുകൂല്യം

8.ഭവന നിർമ്മാണ വായ്പ.

ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പാ പദ്ധതി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള പുതിയ പദ്ധതികളുടെയും വകയിരുത്തിയ ഫണ്ടിന്റെയും പൂർണ്ണ വിവരങ്ങൾ രേഖാമൂലം നൽകാമോ?

<u>മറുപടി:</u> ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല നടപ്പിലാക്കുന്നത്. സംസ്ഥാന തലത്തിൽ ജനസംഖ്യ അനുപാതം (മുസ്ലിം-

59.06, ക്രിസ്ത്യൻ-40.87, മറ്റു ന്യൂനപക്ഷ വിഭാഗങ്ങൾ- 0.07) പാലിച്ച് കൊണ്ടാണ് ഇവ വിതരണം ചെയ്തു വരുന്നത്.

വകുപ്പിൽ മണ്ഡലാടിസ്ഥാനത്തിൽ പദ്ധതികൾ വിഭാവനം ചെയ്യുകയോ ഫണ്ട് വകയിരുത്തുകയോ ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ